**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **03-03-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുതിയ കോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം എത്ര പുതിയ കോടതികൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | 42 പുതിയ കോടതികൾ അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ കുടുംബ കോടതി, എൻ.ഡി.പി.എസ്. കോടതി, എന്നിവ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ചങ്ങനാശ്ശേരി ബാർ അസോസിയേഷൻ സമർപ്പിച്ച നിവേദനം ലഭിച്ചിരുന്നു. അത് പരിശോധിച്ച് തീർപ്പാക്കി. എൻ.ഡി.പി.എസ്. കോടതി നിലവിലുള്ള തൊടുപുഴ, കോഴിക്കോട് എന്നിവിടങ്ങളിലൊഴികെയുള്ള മറ്റ് ജില്ലകളിലും പ്രസ്തുത കോടതികൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതി പ്രൊപ്പോസൽ നൽകിയിരുന്നു. ഇക്കാര്യത്തിൽ, കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ച് ചങ്ങനാശ്ശേരി ബാർ അസോസിയേഷൻ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിവേദനം പരിശോധിച്ച് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| നമ്പർ | കോടതിയുടെ പേര് | കോടതിയും തസ്തികകളും അനുവദിച്ച സർക്കാർ ഉത്തരവ് |
|---|---|---|
| 1 | കുന്നംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ, പറവൂർ (കൊല്ലം), ആലുവ, വടക്കൻ പറവൂർ എന്നിവിടങ്ങളിലായി 7 കുടുംബ കോടതികൾ. | G.O. (Ms) No. 156/2021/Home dated 23.09.2021<br><br>G.O (Ms) No. 79/2022/Home dated 13.04.2022 |
| 2 | തിരുവനന്തപുരം, നെയ്യാറ്റിൻകര, വർക്കല, കാട്ടാക്കട, കൊല്ലം, കൊട്ടാരക്കര, അടൂർ, ചേർത്തല, ചെങ്ങന്നൂർ, ഈരാറ്റുപേട്ട, ദേവികുളം, നോർത്ത് പറവൂർ, തൃശ്ശൂർ, വടക്കാഞ്ചേരി, ചാവക്കാട്, കൊടുങ്ങല്ലൂർ, ചാലക്കുടി, ആലത്തൂർ, മഞ്ചേരി, നിലമ്പൂർ, പരപ്പനങ്ങാടി, പൊന്നാനി, പെരിന്തൽമണ്ണ, നാദാപുരം, സുൽത്താൻ ബത്തേരി, മട്ടന്നൂർ, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലായി 28 ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ. | G.O.(Ms)No. 20/2022/Home dated 04.02.2022<br><br>G.O (Ms)No. 86/2022/Home dated 29.04.2022<br><br>G.O (Ms) No. 105/2022/Home dated 28.05.2022 |
| 3 | 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതി, തിരുവനന്തപുരം | G.O. (Ms) No. 95/2022/Home dated 09.05.2022<br><br>G.O.(Ms)No.30/2023/Home Dated 27-01-2023 |
| 4 | 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതി, തൃശ്ശൂർ | G.O. (Ms) No. 95/2022/Home dated 09.05.2022<br><br>G.O.(Ms)No.30/2023/Home Dated 27-01-2023 |

| | | |
|---|---|---|
| 5 | പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് അപകടക്കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതി (അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതി). | G.O.(Ms)No.114/2022/Home dated 10.06.2022<br><br>G.O.(Ms) No.267/2024/Home dated 09.12.2024 |
| 6 | നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് കേസുകളുടെ വിചാരണയ്ക്കുള്ള പ്രത്യേക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ('24x7' ON Court), കൊല്ലം | G.O. (Ms) No. 21/2024/Home dated 19.01.2024<br><br>G.O.(Ms) No.241/2024/Home dated 17.11.2024. |
| 7 | പോപ്പുലർ ഫിനാൻസ് കേസുകളുടെ വിചാരണയ്ക്കായി BUDS Act പ്രകാരമുള്ള പ്രത്യേക കോടതി,<br>ആലപ്പുഴ | G.O. (Ms) 112/2024/Home dated 16.05.2024<br>G.O(Ms)No. 190/2024/Home dated 14.08.2024 |
| 8 | 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതി, എറണാകുളം | G.O.(Ms.) No. 166/2024/ Home dated 25.07.2024<br><br>G.O.(Ms.) No. 187/2024/ Home dated 13.08.2024 |
| 9 | മോഡൽ ഡിജിറ്റൽ കുടുംബ കോടതി, ശാസ്താംകോട്ട | G.O.(Ms) No. 7/2025/Home dated 09.01.2025 |